# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3101 20.12.2012-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് ബാധകമായ ചിട്ടി നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബാധകമായ ചിട്ടി നിയമം ഏതാണെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള സംസ്ഥാനത്ത് 30.4.2012 ൽ നിലവിൽ വന്ന 1982 ലെ ചിട്ടി ഫണ്ട്സ് ആക്റ്റും 5.6.2012 ൽ നിലവിൽ വന്ന കേരള ചിറ്റ് ഫണ്ട് റൂൾസും അനുസരിച്ചുള്ള ചിട്ടി നിയമമാണ് കേരളത്തിൽ ബാധകമായ ഇപ്പോ-ഴത്തെ ചിട്ടി നിയമം. 1975 ലെ കേരള ചിട്ടീസ് ആക്റ്റ് പ്രകാരം ആരംഭിച്ച് ഇപ്പോൾ തുടർന്നു വരുന്ന ചിട്ടികൾ അവയുടെ കാലാവധി അവസാനിക്കുന്നതുവരെ തുടർന്നു പോകാനും വ്യവസ്ഥയുണ്ട്. |
| (ബി) | ചിട്ടി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | 5.6.2012 ൽ നിലവിൽ വന്ന കേരള ചിട്ടി ഫണ്ട് റൂൾസ് 4 മുതൽ 17 വരെ വകുപ്പുകൾ ചിട്ടി രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ വിവരി-ക്കുന്നുണ്ട്. ആയതിൻ പ്രകാരം ചിട്ടി തുടങ്ങുന്നതിനു മുമ്പായി അതാത് ജില്ലകളിലെ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സിൽ നിന്നും മുൻകൂർ അനുവാദത്തിനായി അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് മുഖേന<br>(..................2) |

| | | | |
|---|---|---|---|
| | | | അപേക്ഷ നൽകേണ്ടതും, ചിട്ടിക്ക് മതിയായ സെക്യൂരിറ്റി മുതലായവ ഉണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷം ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സ് ചിട്ടി തുടങ്ങാൻ അനുമതി നൽകുന്ന മുറയ്ക്ക് ചിട്ടികൾ ആരംഭിക്കാവുന്നതുമാണ്. |
| (സി) | അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത എത്ര ചിട്ടി കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട് ; | (സി) & (ഡി) | 1982 ലെ ചിറ്റ് ഫണ്ട് ആക്റ്റ് വകുപ്പ് 4 പ്രകാരം ചിട്ടി മുൻപന്റെ അപേക്ഷ പ്രകാരം ചിട്ടികളുടെ രജിസ്ട്രേഷൻ മാത്രമാണ് നിർവഹിക്കുന്നത്. ചിട്ടി കമ്പനികളുടെ രജിസ്ട്രേഷൻ ചിട്ടി ആക്റ്റിൽ ഉൾപ്പെട്ടു വരുന്നതല്ല. എന്നാൽ മേൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ചിട്ടികളുടെ പ്രവർത്തനം പരിശോധിച്ചു വരുന്നുണ്ട്. |
| (ഡി) | കേരളത്തിൽ രജിസ്റ്റർ ചെയ്ത എത്ര ചിട്ടി കമ്പനികൾ ചിട്ടി നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; ലക്ഷങ്ങളുടെ ചിട്ടി നടത്തുന്ന കമ്പനികളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം കമ്പനികളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ